**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4630** **19-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ല മണ്ഡലത്തിലെ കോയിപ്രം-പുറമറ്റം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല മണ്ഡലത്തിലെ പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി ജല ശുദ്ധീകരണ പദ്ധതിയ്ക്കായി കോയിപ്രം വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അവാർഡ് തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഇല്ല. പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ ജനറൽ) പത്തനംതിട്ടയുടെ 23/06/2022 തീയതിയിലെ B/1602/17 നമ്പർ കത്ത് മുഖേന 10,58,87,044/-രൂപ നിക്ഷേപിക്കാൻ ആവശ്യപ്പെട്ടു. പ്രസ്തുത പദ്ധതി ഉൾപ്പെടുന്ന Rural Water Supply Scheme (4215-01-102-97) എന്ന ബജറ്റ് ശീർഷകത്തിൽ 24-11-2020 മുതൽ 31-05-2022 വരെ 37.52 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുവാനുണ്ട് . ഈ ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 10.00 കോടി രൂപയാണ്. ആയതിനാൽ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിനു പുറമെ 235.05 കോടി രൂപ അധിക ധനാഭ്യർത്ഥനയായി ലഭ്യമാക്കാനുള്ള കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന 2 കേസുകൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ് .<br><br>**A) WP(C)No.1421/2021**<br><br>പെറ്റീഷണർ : ജോസ് പന്നിക്കോട്ട്<br><br>ഈ കേസിലെ കക്ഷികൾ<br><br>1. കേരള സർക്കാർ<br>2. ഡിസ്ട്രിക്ട് കളക്ടർ പത്തനംതിട്ട<br>3. ഡെപ്യൂട്ടി കളക്ടർ (എൽ.എ)<br>4. സ്പെഷ്യൽ തഹസിൽദാർ(എൽ.എ)<br><br>**B) WP(C)No.26506/2021,**<br><br>പെറ്റീഷണർ : എബ്രഹാം പന്നിക്കോട്ട് |

| | | | |
|---|---|---|---|
| | | | **ഈ കേസിലെ കക്ഷികൾ**<br><br>1. **കേരള സർക്കാർ**<br>2. **കേരള വാട്ടർ അതോറിറ്റി**<br>3. **ഡിസ്ട്രിക്ട് കളക്ടർ പത്തനംതിട്ട**<br>4. **ശ്രീമതി. അശ്വതി ഒ.എസ്** |

സെക്ഷൻ ഓഫീസർ